**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2991** **03-08-2021 - ൽ മറുപടിയ്ക്ക്**

**കാലിത്തീറ്റയുടെ വില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **Smt J Chinchurani**<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാലിത്തീറ്റയുടെ വില വർദ്ധനവ് കർഷകരെ പ്രതികൂലമായി ബാധിക്കുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കാലിത്തീറ്റ ഉത്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളെല്ലാം തന്നെ അന്യസംസ്ഥാനങ്ങളിൽ നിന്നും ലഭ്യമാക്കുന്നവയാണ്. അസംസ്കൃത വസ്തുക്കളുടെ വിലയനുസരിച്ചാണ് കാലിത്തീറ്റ ഉല്പാദന ചെലവിലും, വിലയിലും മാറ്റം വരുന്നത്. കോവിഡ് മഹാമാരിയുടെ അതിവ്യാപനവും ഡീസൽ വിലയിലുണ്ടായ വർദ്ധനവും, ഉൽപാദന മേഖലയിലുണ്ടായിട്ടുള്ള പ്രതികൂല കാലാവസ്ഥയും, അസംസ്കൃത പദാർത്ഥങ്ങളുടെ വിലയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. എന്നിരുന്നാലും അസംസ്കൃത പദാർത്ഥങ്ങളുടെ വിലവർദ്ധനവിന് ആനുപാതികമായി വില വർദ്ധിപ്പിക്കാതെയാണ് കേരള ഫീഡ്സ് ലിമിറ്റഡ്, മിൽമ എന്നിവർ കാലിത്തീറ്റ വിതരണം ചെയ്യുന്നത്. കൂടാതെ 2019-ലെ കാലിത്തീറ്റ വിലയാണ് ഇപ്പോഴും നിലവിലുള്ളത്. മിൽമ കഴിഞ്ഞ വർഷം നൽകി വന്നിരുന്ന ഡിസ്കൗണ്ടുകൾ പിൻവലിച്ചിട്ടുണ്ട്. കാലിത്തീറ്റ ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ വില നിയന്ത്രി- ക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ വിവിധ പഞ്ചായത്തുകളുമായി ചേർന്ന് ചില അസംസ്കൃത പദാർത്ഥങ്ങളുടെ ഉൽപ്പാദനം നടത്താൻ കേരള ഫീഡ്സ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കാലിത്തീറ്റയുടെ വില വർദ്ധനവ് തടയുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | കാലിത്തീറ്റ ഉത്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളെല്ലാം തന്നെ അന്യസംസ്ഥാനങ്ങളിൽ നിന്നും ലഭ്യമാക്കുന്നവയാണ്. അസംസ്കൃത വസ്തുക്കളുടെ വിലയനുസരിച്ചാണ് കാലിത്തീറ്റ ഉല്പാദന ചെലവിലും, വിലയിലും മാറ്റം വരുന്നത്. കോവിഡ് മഹാമാരിയുടെ അതിവ്യാപനവും ഡീസൽ വിലയിലുണ്ടായ വർദ്ധനവും, ഉൽപാദന മേഖലയിലുണ്ടായിട്ടുള്ള പ്രതികൂല കാലാവസ്ഥയും, അസംസ്കൃത പദാർത്ഥങ്ങളുടെ വിലയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. എന്നിരുന്നാലും |

| | | | |
|---|---|---|---|
| | | | അസംസ്കൃത പദാർത്ഥങ്ങളുടെ വിലവർദ്ധനവിന് ആനുപാതികമായി വില വർദ്ധിപ്പിക്കാതെയാണ് കേരള ഫീഡ്സ് ലിമിറ്റഡ്, മിൽമ എന്നിവർ കാലിത്തീറ്റ വിതരണം ചെയ്യുന്നത്. കൂടാതെ 2019-ലെ കാലിത്തീറ്റ വിലയാണ് ഇപ്പോഴും നിലവിലുള്ളത്. മിൽമ കഴിഞ്ഞ വർഷം നൽകി വന്നിരുന്ന ഡിസ്കൗണ്ടുകൾ പിൻവലിച്ചിട്ടുണ്ട്. കാലിത്തീറ്റ ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ വില നിയന്ത്രി- ക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ വിവിധ പഞ്ചായത്തുകളുമായി ചേർന്ന് ചില അസംസ്കൃത പദാർത്ഥങ്ങളുടെ ഉൽപ്പാദനം നടത്താൻ കേരള ഫീഡ്സ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | പൂർണ്ണമായും സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഒരു കാലിത്തീറ്റ ഫാക്ടറി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | കേരള ഫീഡ്സ് ലിമിറ്റഡ് പൂർണ്ണമായും സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒരു സ്ഥാപനമാണ്. പുതിയ പദ്ധതികളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | മൃഗസംരംക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ കാലിത്തീറ്റ പദ്ധതികൾക്ക് അതാത് വകുപ്പുകൾ സബ്സിഡി അനുവദിക്കുന്നുണ്ട്. ഈ പദ്ധതികൾക്ക് ഓർഡർ ലഭിക്കുന്ന മുറയ്ക്ക് കേരള ഫീഡ്സ് ലിമിറ്റഡ് കാലിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേരള ഫീഡ്സിന് അനുവദിച്ച മാർക്കറ്റ് ഇന്റർവെൻഷൻ ഫണ്ട് ഉപയോഗിച്ച് 58,072 മെട്രിക്ക് ടൺ കാലിത്തീറ്റ സബ്സിഡി ഇനത്തിൽ വിതരണം നടത്തിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ദുരിതമനുഭവിക്കുന്ന ക്ഷീരകർഷകർക്ക് കർഷക സംഘങ്ങളിൽ നിന്നും വാങ്ങുന്ന കാലിത്തീറ്റയ്ക്ക് ഒരു ചാക്കിന് 400/- രൂപ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന കാലിത്തീറ്റയിൽ 1,16,878 ബാഗുകൾ മിൽമ വഴി വിതരണം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ